മധു. പി.

ഒന്നാം വർഷ ബി. എ. ഇക്കണോമിക്സ്

# ഭൂമിയെ നീ

**പെ**യ്തു കഴിഞ്ഞ മഴയൊരു ഇടവേളപോലെ
നിൻ വിരിമാറിൽ ഊർന്നിറങ്ങിടുന്നു.
പ്രപഞ്ച സത്യങ്ങളെ നിങ്ങളറിയുക
നിൻ വിരിമാറിൽ വിരഹമാം ഗദ്ഗദ സ്വരം,

രാത്രികൾ ഒന്നൊന്നായ് മറഞ്ഞിടുന്നു
രാപ്പാടി പക്ഷികൾ മരിച്ചിടുന്നു
കാലത്തിൻ കൈപ്പൂ വിഷം തീണ്ടി നിന്നിൽ
മറയുന്നു സത്യവും ആനന്ദവും

ഒരു പിടിയുരുളയ്ക്കായ് കേണുകരയും ഞങ്ങൾ തൻ–
വേദനയെല്ലാം നീയറിയുന്നില്ലയോ?
ദരിദ്രരാം ഞങ്ങളിൽ, നിന്നിൽ വസിക്കുന്ന
ഹീനരാം മാനുഷർ അക്രമം കാട്ടിടുന്നു.

ഭൂതകാലത്തിൽ കഴിഞ്ഞൊരു ഭീകരസ്വപ്നം കണക്കെ
നിൻ വിരിമാറിനെ വേട്ടയാടിടുന്നു.
പ്രപഞ്ച സത്യങ്ങളോരോന്നിനെയും നിൻ
ചാഞ്ചല്യ ഭാവത്താൽ തലോടിടുന്നു.

നിന്നിൽ വസിക്കുന്ന മാനുഷർതൻ
ഭാവങ്ങളൊന്നൊന്നായ് മാറിടുന്നു.
നിന്നിൽ വസിച്ചു നിൻ അന്നം കഴിച്ചു
നിൻ അന്തരാത്മാവിനെ ക്രൂശിച്ചിടുന്നു.

ഗിരീഷ് കുമാർ. പി.
ബി. എസ്. സി (മാത്സ്) രണ്ടാം വർഷം.

# ചങ്ങലകൾ



**ചേ**രാത്ത വേഷങ്ങളണിയുന്നു നാം
പിന്നെയതിനുള്ളിൽനിന്നു വീർപ്പുമുട്ടുന്നു.
സ്വച്ഛമാം കാറ്റു പുറത്തുവീശുന്നു.
പക്ഷെയെൻ മേനിയ്ക്കകം നീറുന്നു.
ആഗ്രഹിക്കുന്നു ഞാനീവേഷം പറിച്ചെറിയുവാൻ
പക്ഷെയെൻ കൈകൾ രണ്ടും വിലങ്ങിലാണ്.
ആഗ്രഹിച്ചിരുന്നു പലരുമിതു തകർക്കുവാൻ
പക്ഷേയൊന്നും വിജയത്തെ പുൽകിയില്ല.
ഒതുങ്ങുന്നവർ സ്വയംതൻ ചങ്ങലകൾക്കുള്ളിൽ
പിന്നെ തീർത്തിടുന്നു ചങ്ങല മറ്റുള്ളവർക്കായ്.

# പാറ്റകൾ



**പാ**റ്റകളെന്റെ ചുറ്റും പറക്കുന്നു
എന്റെമേലുരുമ്മുന്നു ചിറകിട്ടടിക്കുന്നു
പണ്ടെനിക്കിവയോടു വെറുപ്പായിരുന്നു.
ഇന്നെനിക്കിവയോടു സഹതാപമാണ്.
കിട്ടുമീ നിമിഷങ്ങളെ പൂർണ്ണമായാസ്വദിക്കുവാൻ
കച്ചകെട്ടിയിറങ്ങിയിരിക്കുന്ന പ്രാണികളാണിവർ.
കാലത്തു ഞാനവയെ മുറ്റത്തുകണ്ടു
ചിറകും ശരീരവും വേർപെട്ട നിലയിൽ
ഒരു ഭാഗത്തുനിന്നവയെ കോഴികൾ തിന്നുന്നു.
മറുഭാഗത്തു ചിലതിനെയുറുമ്പുകൾ വലിക്കുന്നു
നിശബ്ദതയോടുകൂടിയവ വിധിക്കു കീഴ്പ്പെടുന്നു.
പുസ്തകവുമെടുത്തു ഞാൻ കോളേജിലേക്കു നടന്നു
മറ്റൊരു പാറ്റക്കൂട്ടത്തിൽ ചേക്കേറുവാൻ.

ബിന്ദുമോൾ. പി. എസ്.



മൂന്നാം വർഷ ബി. എസ്. സി.ബോട്ടണി.

# എന്നെ ചോദ്യം ചെയ്തുപോകരുത്



*നിന്റെ സൗഹൃദത്തിന്റെ സ്നേഹമന്ത്രാക്ഷരങ്ങളിൽ*
*അജ്ഞാതയായ സഹയാത്രികയ്ക്ക്*
*നീ നൽകിയ വാക്ക്;*
*അതെന്റെ ജീവതാളമാകുന്നു.*
നഷ്ടബോധത്തിന്റെ മേച്ചിൽ പുറങ്ങളിൽ
നിന്നും വേർപെട്ടപ്പോൾ
കുന്നുകളുടെ താഴ്വരയിലേക്ക്
ഋതുക്കൾ സമ്മാനിച്ച നിറമുള്ള ഓർമ്മകൾ
അതുമില്ലെങ്കിൽ നിന്നോടു ഞാനെന്തു പറയുമായിരുന്നു!
കത്തുന്ന വേനലിലെ
നരച്ച പച്ചപ്പുകൾ
ദാഹംകൊണ്ടു വരണ്ടു പൊട്ടിയ ചുണ്ടുകൾ
നീട്ടിനനയ്ക്കാൻ പാടുപെടുമ്പോൾ
ഒട്ടുന്ന നാവ്.
നാട്യങ്ങളുടെ സൗഹൃദസ്മിതങ്ങൾക്കിടയിലും
പണിചെയ്തുതളർന്ന മുഖങ്ങൾക്ക്
ആദ്രതയിലലിഞ്ഞ പ്രകാശം
എന്റെ കണ്ണകളിലുണ്ടായിരുന്നു.
ഒപ്പം, അദ്ധ്വാനത്തിന്റെ വിയർപ്പകറ്റാനുള്ള
തണപ്പും.
എങ്കിലും ആധിപത്യത്തിന്റെ ചൂരൽ നാവുകൾക്ക്
ഒരു ഭീഷണിയും ഞാനായിരുന്നു.
അവർ, ചില്ലുമേടയിലെ കറങ്ങുന്ന തീൻമേശയിലിരുന്ന്
അമൃതേത്തുണ്ണുമ്പോൾ
തെരുവിലൊരു കുഞ്ഞുകരഞ്ഞത്
പട്ടികടിച്ചെടുത്ത തന്റെ ഒരു കൈയ്യിന്റെ
വേദനകൊണ്ടായിരുന്നില്ല.
മറ്റേ കൈകൊണ്ട് വാരാൻ
ആ എച്ചിൽക്കൂനയിൽ
ഒന്നുമുണ്ടായിരുന്നില്ല.
വിദേശ മാതൃകയിൽ മോടിപിടിപ്പിച്ച
ഈ പുത്തൻ പുൽത്തകിടിപ്പരപ്പ്
അവനനയ്ക്കാൻ ആധുനികജലയന്ത്രങ്ങൾ
അപ്പോൾ അങ്ങകലെ
ഒരു ഗ്രാമത്തിലേക്ക്
കുടിവെള്ളവുമായി പാഞ്ഞു പോകുന്ന ലോറികൾ
പക്ഷേ അവയെത്തുംമുമ്പ്
ഒട്ടേറെപ്പേർ മരിച്ചിരുന്നു.
തൊണ്ടപൊട്ടി, വിശന്നു തളർന്ന്
കാരണം, ലോറികൾ മന്ത്രിപുംഗവരുടെ

രാജകീയ യാത്രയിൽ
തടഞ്ഞുവെച്ചതായിരുന്നു.
അപ്പോഴേക്കും വെള്ളം ചോർന്നുപോയി
ഭക്ഷണം തീർന്നുപോയി.
കക്ഷിരാഷ്ട്രീയപ്പുളപ്പിൽ
എന്റെ സുഹൃത്ത് പെട്ടുപോകരുത്.
അവസാനത്തെക്കൈയ്യായി
നിന്റെ നിസ്സംഗതയെങ്കിലും
ധാർമികതയ്ക്ക് നീ ആയുധമാക്കുക.
കാഴ്ചകൾക്കുമപ്പുറം
നോവിന്റെ വിങ്ങലുകൾ തിരിച്ചറിയുക.
ദുഷിച്ച അധികാരങ്ങൾക്ക്
സ്തുതിപാടാനെത്തിയവർ
വർഗ്ഗീയതയുടെ ജീർണ്ണിച്ചമുഖങ്ങളിൽ
വികലമായ തത്ത്വങ്ങൾ പുലമ്പി
സുഖിച്ചിരിക്കുന്ന ഇരിപ്പിടങ്ങളിൽ
അവരെ തിരിച്ചറിയുക.
ചിന്തകൾ തടങ്കിലിടരുത്.
നമ്മുടെ യുവത്വങ്ങൾക്ക്
കസവുസൽവാറിന്റെ പളപളപ്പിൽ
കണ്ണുമഞ്ഞളിച്ചു പോയിരിക്കുന്നു.
ബൈക്കുകളിൽ ബാലൻസതെറിപ്പിച്ചുകൊണ്ട്
പറപറപ്പിക്കുന്നു
പുത്തൻ ചോക്കലേറ്റു കുഞ്ഞുങ്ങൾ.
മറ്റുള്ളവർ കഞ്ചാവിന്റെ മയങ്ങുന്ന ലഹരിയിൽ
വൃത്തികെട്ട സല്ലാപങ്ങൾ നടത്തുന്നു.
ശേഷിക്കുന്നവർ,
അവർ അധികാരികളെ ചോദ്യംചെയ്തതിനാൽ,
പിഴവുകളെന്നാരോപിക്കപ്പെട്ട്
അധികാരത്തിന്റെ ശിക്ഷാബലിമൃഗങ്ങളായവർ.
എങ്കിലും ഒരിക്കലും പണയംവെക്കാത്ത
തലച്ചോറുകളാൽ
അവരുച്ചരിക്കുന്ന ഓരോ ശബ്ദവും
എനിക്കാവേശം പകരുകയാണ്.
മരുപ്പച്ചകളാവശ്യമില്ല.
മരുഭൂമികളുടെ സത്യമറിയുന്ന
ഒരു മുൾച്ചെടിതന്നെയാകുന്നു ഞാൻ.
പൂട്ടും താക്കോലുമില്ലാത്ത ഒരു ലോകത്തേക്ക്
എനിക്കിനിയും പോകേണ്ടതുണ്ട്.
എന്നെ ചോദ്യംചെയ്യാൻ
ആർക്കുമധികാരമില്ല!

# FUTILE WISH

FUTILE WISH
FUTILE WISH
FUTILE WISH
FUTILE WISH
FUTILE WISH



I like to sob to cheer my heart
But I have no tears to shed
I like to pray to pure my soul
But I have no words to utter
I like to write to show my thought
But my fingers are paralysed
I like to dream to see life
But it is too bitter to feel
I like to do some to refresh my mind
But it is again a futile wish.

**BEENA C. K**
II Bsc.

കെ. പി. സുനിൽ

ബി. എസ്.സി. ബോട്ടണി ഫൈനൽ.



# കഥകളി

കേളികൊട്ടുയരുന്നു
കളിവിളക്കു തെളിയുന്നു
കത്തി, കരി, താടിയൊക്കെ
കളിയരങ്ങിലണയുന്നു.....

തിരനോട്ടം തുടങ്ങുന്നു.
തിരശ്ശീലയുയരുന്നു
തിരിയിട്ട വിളക്കിലെ
തീനാളം ജ്വലിക്കുന്നു.....

നളചരിതം കഥയിലെ
നവരസഭാവങ്ങൾ
നടനം തിമർക്കവേ
നാഴികകൾ കടന്നുപോയ്.....

കളിവിളക്കണയുന്നു
കത്തി, കരി, താടിയൊക്കെ
കളിയരങ്ങൊഴിയുന്ന
കാണികളും പിരിയുന്നു.....

കേരളമാം ദേശത്തിൽ
കലയുടെ പ്രതീകമാം
കഥകളി തന്നയല്ലോ
കൈരളിയുടെ കീർത്തിസ്തംഭം!

മിനിജ. ജെ
ബിഎസ്. സി (മാത്സ്) രണ്ടാം വർഷം.

# മൗന ദുഃഖം

കത്തിജ്വലിക്കുന്ന സൂര്യബിംബത്തെയും,
പുച്ഛിച്ചുതള്ളി ഞനെന്നഹംഭാവത്താൽ.
എന്റെയുൾക്കൺകൾക്കു കാണുമാറായില്ല
എൻ പതനത്തിൻ കരിനിഴൽപ്പാടുകൾ.

ഞാനെന്ന ഭാവമുദിച്ചൊരാ നാൾമുതൽ
എന്തിനോടേതിനോടെല്ലാ മവജ്ഞയായ്,
എന്നിലെ സൗഹൃദപ്പൂന്തേൻ കുടത്തെ ഞാൻ
ഛിന്നമാക്കീ നിഷ്കരുണമെന്നോർപ്പൂ ഞാൻ.

മുൻകാല പിൻക്കാല ബോധങ്ങളില്ലാതെ-
ആത്മപ്രശംസയിലാറടി നിന്നു ഞാൻ
ആഹ്ളാദ മത്തരാം കിങ്കരരെന്നിലെ
നന്മതൻ തീപ്പൊരിയൂതിക്കെടുത്തിനാർ.


ശേഷിച്ചതില്ലതിൻ കാന്തിതെല്ലും തിന്മ-
യൂഷര താമസഭൂവാക്കിയെൻ മനം.
അന്ധനായ് തീർന്ന ഞാൻ താണ്ടിയ ദൂരങ്ങ-
ളെല്ലാം കൊടും ക്രൂര പാതക പാതകൾ.

ചുറ്റിലും നിന്നു കൊണ്ടെന്റെ മാറ്റങ്ങളെ-
സ്സൂക്ഷ്മം നിരീക്ഷിച്ചു മദ് ഗുരുഭൂതന്മാർ.
അന്നവർ തന്ന സന്മാർഗ്ഗോപദേശങ്ങ-
ളൊന്നും ചെവിയിൽക്കടന്നു മുഴങ്ങില്ല.

നീണ്ടു പുളഞ്ഞ വിഭ്രാന്തമാം നാളുകൾ
എന്നിലേല്പിച്ചതാഘാതങ്ങൾ മാത്രമായ്
ഞാനറിയാതെ മിത്രങ്ങളകന്നു പോയ്,
ഏകനായ് വീണ്ടുമുഴറിയലഞ്ഞു ഞാൻ

ശാശ്വതമെന്നുഞാനോർത്ത സുഖങ്ങളോ-
നശ്വരം നിസ്സാരമെന്നറിയുന്നു ഞാൻ.
നാലുകാലും ചിതൽ തിന്നൊരീക്കട്ടിലിൽ,
ക്കാലം ചലിക്കാത്ത കൂരിരുൾക്കൂരയിൽ,


എന്റെ ദുഖങ്ങളിൽ നിന്നുണർന്നാളുന്ന
ചെന്തീക്കനലിലുരുകിടും സ്വർണ്ണമാ-
യെന്നാന്തരാത്മാവും മാറും സുഖസ്വപ്ന-
മിന്നു കാണുന്നു ഞാൻ...............!



നബീൻ തെക്കരകത്ത്
ബി. എ. ഇംഗ്ലീഷ്, മൂന്നാം വർഷം.

# മൃത്യു

'നിൽക്കവിടെ നീ' കേൾക്കുന്നു വിളിയാളം
ഞെട്ടിപ്പിടഞ്ഞു തിരിഞ്ഞു നോക്കുന്നു ഞാൻ
പൊട്ടിച്ചിരി മുഴങ്ങുന്നു പിന്നിൽ, കണ്ടു-
ഞെട്ടിതെറക്കുന്നു ഹൃദയം പൊട്ടിപിളരുന്നു.
ആരു നീ———? ചൊല്ലൂ അജ്ഞാത രൂപമെ....
അറിയില്ല, നിന്നെ ഞാൻ കണ്ടില്ല മുന്നെ—— !
നിൽക്കയാണീടുങ്ങിയ പാതയോരത്ത്—
മാറു മുന്നിൽ നിന്നും ദയവ് ചെയെതൻ പ്രിയാ—
ധൃതി വളരെയേറി ഞാൻ പോകയാണങ്ങാടിയിൽ—
'ഹ ഹ' പറയുന്നു നീ കള്ളം
ഞാനറിയുന്നു നിന്നുള്ളം
അക്കാലുകൾ നിന്നെ വലിക്കുന്നു
മദ്യശാലയിലേക്കും, പിന്നെ
മാംസത്തിന് വിലപേശും ചുവന്ന
തെരുവോരങ്ങളിലേക്കും
അക്കൈകളോതുന്നു നിൻെറ കൈകൾ
മദ്യ ചഷകം പിടിച്ചു തഴമ്പിച്ചതെന്ന്
എന്തിന് ! നിൻെറ ചുണ്ടുകൾ വിറപൂണ്ട്
മൊഴിയുന്നു , എന്നെയിവൻ നശിപ്പിച്ചു.
നോക്കു നിൻ രസനയത് ശരിവെക്കുന്നു
നാസികയതാ വാസനിച്ചറിയുന്നു
അതെ! നിൻെറ മിഴികളിൽ നിന്നുടരുന്നത്
കണ്ണീരല്ല ചുവന്ന രുധിരമാണ്, രുധിരം!
ഹും.....എന്നിട്ടും നീ തലയാട്ടി നിഷേധിക്കുന്നു
പക്ഷെ, നിൻ ശിരസുമതാ എനിക്ക് സാക്ഷിയാവുന്നു!
പറയൂ അജ്ഞാത രൂപമെ നീയാര്?
എന്തിനിവിടെ വന്നു? എന്ത് വേണം നിനക്ക്?!
വിറച്ചും കിതച്ചും മിഴികൾ ഭയത്താൽ
തുറിച്ച് തപ്തനായ് മൊഴിയുന്നു ചൊടികൾ!
നീ ഒരു യുവ കോമളനായിരുന്നു .....
ആകാര സുമുഖനും ആരോഗ്യ ഗാത്രനും




ആരും കൊതിക്കുന്ന കാന്തിയുള്ളോൻ !
അന്നൊരിക്കൽ കവലയിൽ കൂട്ടം കൂടി നിൽക്കേ
കേട്ടു നീയാശബ്ദം, ജനങ്ങളെ—
സൂക്ഷിക്ക സൃഷ്ടിച്ച ഏകനാം നാഥനെ
ക്ഷണികമീലോകം നശ്വരം നാശവിധേയം
ശാശ്വതമനശ്വരലോകത്തേക്കുള്ള
മൃത്യുവിൻ നൂൽപാലം കടക്കേണ്ടോർ നാം
അന്നു ചിരിച്ചു തള്ളി നീയാവാക്ക്
അനുഭവിക്കു ധിക്കാരത്തിൻറുക്ക്—
ഞാനാരാണെന്നറിഞ്ഞീല്ലേ—
അന്നു നീ തള്ളിയ
മൃത്യുവാണ് ഞാൻ അതെ മൃത്യു
പേടിപ്പെടുത്തല്ലേ രൂപമെ നീ യെന്നെ
കൂടെ വരാം ഞാൻ മടങ്ങുന്ന വഴിയെ...
അൽപനേരം എനിക്കേക മൃത്യുവേ-
മാപ്പിരക്കട്ടെ തെറ്റ് പറ്റിയതാണെസത്യം
നീട്ടിയിട്ടു തരിക ഒരൽപനിമിഷമെങ്കിലും നീ
നിന്നെ സംപ്രീതനാക്കി മടങ്ങിവരും ഞാൻ തീർച്ച
അലറുന്നു മരണം തരില്ല നിന്നെ
പിടിച്ചു കെട്ടി കൊണ്ടു പോകയാണ് ഞാൻ
വൈകിപ്പോയ് നിൻെറ സമയമടുത്തു
അതിനാൽ കിടക്കൂ പിടിക്കട്ടെ നിന്നെ ഞാൻ

ശ്രീജിത്ലാൽ 

ബി. കോം. രണ്ടാം വർഷം

# ഞാൻ



ഞാനെന്ന ഭാവത്തിന്നർത്ഥമറിയാതെ
അഹം ഭാവമെവിടെയും മുന്നിട്ടു നിൽക്കുന്നു
എങ്ങുമെവിടെയും ഞാനെന്ന എന്നെ
വെറുക്കുന്നു ചിലർ ആദരിക്കുന്നു ചിലർ
ഞാനെന്ന പേരെനിക്കേകിയ മഹാത്മനെ
ഒരു നോക്കു കാൺകെ ചോദിച്ചിടും ഞാൻ
ഞാനെന്ന പേരനിക്കെന്തിനു നൽകി നീ?
സ്നേഹമെന്നു നീയെന്നെ വിളിച്ചിരുന്നെങ്കിൽ
എന്നേയീ ലോകം സ്നേഹിച്ചിരുന്നേനെ
സദ്ഗുണമെന്നു നീ വിളിച്ചിരുന്നെങ്കിൽ
എന്നെയീ ലോകം മാടി വിളിച്ചേനെ
ആത്മവിശ്വാസമെന്നു നീ വിളിച്ചിരുന്നെങ്കിൽ
എന്നെയീ ലോകം വിശ്വസിച്ചേനേ
എൻെറ നേരെ മുഖം തിരിക്കുന്നവർ
എൻെറ ദുഃഖമറിയില്ലോരിക്കലും
ഞാനെന്ന എന്നെ അകറ്റാൻ തുനിയവെ
ആരുമെൻ വേദന അറിയില്ലോരിക്കലും
ഒരു സത്യമവരെന്നും മറക്കാതിരിക്കട്ടെ
ഞാനെന്ന ഈ ഞാനില്ലായിരുന്നെങ്കിൽ
മാനുഷ്യ പുരോഗതി അസാദ്ധ്യമായേനെ

# *Shiny Day*

**K. NAZER**
III B.A. ENGLISH




The weather is pleasant
Love storm is expected today
Black clouds are approaching
People are thinking of us
Buds in garden are taking of us
Flowers are murmering
My sweet heart,
I offered my heart to you
It's up to you
Either make me alive or die.



ZAREENA . K.
II BA ENG. LITERATUR

Boys can hardly resist me,
They can hardly ignore me.
They talk of me day and night,
They dream of me, day and night.
For parents, I'm a liability
For sons, I'm a reality.
They take me to their college,
They take me to the beach,
Well, having me by their side
They never will lose their pride.
Boys just love my latest trends
Believe it-so do their girl friends.
You can call me by any name you like
But everyone calls me, 'the bike'.

## SOMETHING ABOUT 'M

# *Life With Wife*




Don't try to pretend;
That, you must prevent-
Don't tell her lies;
You could be in 'cries'.
Don't overact;
She could react.
Never ever come home late;
She might curse her fate.
Take her to a hotel;
You can win her, total.
Talk always of your money;
She will drown you in honey.
Try something new each day;
She is sure to repay.
Show her some respect;
That is what she expects.
Try, last of all, to be a friend;
Well, that's the present trend.

സുഭാഷ് ചന്ദ്രൻ. ഇ.

ബി. എസ്.സി രസതന്ത്രം ഒന്നാം വർഷം



# തെരുവു വിളക്ക്




ഞാനൊരു നാട്ടുവെളിച്ചം
രാവിനു കൂട്ടായുറങ്ങാതെ
രാവിൽ വെളിച്ചം വീശും
ഞാനൊരു തെരുവുവെട്ട
മെനിക്കായുസ്സര ദിവസം
എങ്കിലും കാൺമൂ ലോക-
മിരുട്ടിലെ വെട്ടത്തിൽ

രാത്രി,
പകലിന്റെയാരവങ്ങളില്ല,
പകലിന്റെയോങ്കാരമോശാന ബാങ്കൊലി-
യില്ല പകലിന്റെ കാപട്യങ്ങളില്ല
രാത്രി, - കരിമ്പടം പുതച്ച സുന്ദരി

രാത്രി,
അവിടെ ആർത്ത നാദങ്ങളാണ്
പകലിലെ വേർപ്പുക ദീനങ്ങളാണ്
ലഹരിയുണർത്തു കഴിഞ്ഞു.
രാത്രി - ലഹരി പൂണ്ടയാമിനി.

ഞാൻ,
എന്റെ കൊച്ചു സതീർത്ഥ്യർ
എന്നെ സ്നേഹിക്കുന്നവർ
എന്നെയാഞ്ഞു പുണരുമ്പോൾ
അലറി മരിച്ചു വീഴുന്നു.

സ്നേഹം
കത്തുന്ന വെളിച്ചമാണ്
സ്നേഹത്തിന്റെ ചൂടിനായോ-
ടിയടുക്കും ഹൃദയത്തെ
എരിക്കും പൊള്ളയായ വാക്ക്

എനിക്കാശ്രയം തെരുവിന്റെ മക്കളെ-
യവർക്കാവശ്യമെൻ വെളിച്ചം
അവരുടെ പട്ടിണിയിലേക്കിറങ്ങാൻ
കണ്ണുനീർപോലുമെനിക്കില്ല.

രണ്ടാംയാമം

ഇനി ഓരികൾ തുടങ്ങുന്നു.
മാംസഭോജികളാം
നകതഞ്ചരയുടെ ഓരിയാണത്
ഉറങ്ങാത്ത പട്ടികളുടെ ഓരി.

വയു കാണുവാണീ രംഗങ്ങൾ
മൂടുവാൻ കണ്ണീർ ചാലുമില്ല-
സഹന ശക്തിയുമെന്നെ മാറ്റൂ.
രാവിന്റെ ക്രൂരതയിൽ നിന്ന്.

**MOHAMMED SALEEM.T**
IInd B.Com.

Demons is Demonolatry

Trees is Dendrolatry

Saints is Hagiolatry

Fish is Icthyolatry

The sun is Heliolatry

Holy person is Iconolatry

Image of god is Idolatry

Rocks is latry liltro

One God is Monolatry

Dead bodies is Necrolatry

Snakes is ophiolatry

Fire is pyrolatry.



# WORSHIPPING ........